


# GHSS MULLASSERY
# SCHOOL CODE:24054

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ ആര്യ അശോകൻ

എഡിറ്റേഴ്സ് കിരൺ കെ എസ്

രാഹുൽ എ ആർ

കൃഷ്ണ പ്രദീപ്

മിസ്ട്രസ് ശാലിനി ടീച്ചർ

ഫരിഥ ടീച്ചർ

# ഉള്ളടക്കം

1 സന്ദേശം

2 ആസ്വാദനം

3 വീഴ്ച്ചകൾ

4 പുതിയ അറിവുകൾ

5 ജീവന്റെ അമൃത്

6 അമ്മ

7 പേമാരി

8 ജീവൻ

9 ക്വിസ്

10 ജനനി

11 മരം

12 ഹസ്റതേം

13 വിശപ്പിന്റെ വേദന

14 വേരുകൾ

15 മൈ ഡാഡ്

16 പ്രളയം

17 മികവ്

# സന്ദേശം



പൊതു വിദ്യാലയങ്ങൾ വളരെവേഗം പുരോഗതിയിലേക്ക് കുതിക്കുന്ന ഈ കാലഘട്ടത്തിൽ,ഹൈടക്ക് സംവിധാനം പ്രയോജനപെടുത്തി പഠനമേഖലകൾ മികവിന്റെ കേന്ദ്രങ്ങളാക്കാൻ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റിലെ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന e-magazine സഹായകമാകും വിദ്യാർത്ഥികളിലെ സർഗ്ഗാത്മകവും സാങ്കേതികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും ഈ സംരംഭം വഴികഴിയട്ടെ എന്ന് ആശംസിക്കുന്നു.ഈ മാഗസിൻ യാഥാർത്ഥ്യമാക്കുന്നതിന് സഹകരിച്ച വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ ആശംസകൾ.

സ്നേഹപൂർവ്വം
പ്രധാന അധ്യാപകൻ
മുഹമ്മദ് സലീം.കെ.എച്ച്.

# ആസ്വാദനം

കടുക് എന്ന ഒരു ബുക്കിനെ കുറിച്ചാണ് ഞാൻ എഴുതുന്നത്.ഇത് എഴുതിയത് രാജഗോപാലൻ നാട്ടുകൽ ആണ്.അദ്ദേഹം ഇതിൽ ഒരുപാട് കവിതകൾ എഴുതിയിട്ടുണ്ട്.കടുക് മണികൾ പോലെ ചെറിയ കാര്യങ്ങൾ.മിഠായികൾ പോലെ മാധുര്യമുള്ളതാണ് രാജഗോപാലന്റെ കുട്ടികവിതകൾ.

എനിക്ക് ഇഷ്ടപ്പെട്ടത് മെഴുകുതിരി എന്ന കവിതയാണ്.ഇതിൽ മെഴുകുതിരിയുടെ വിഷമങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. തീ കത്തുമ്പോളും മെഴുകുതിരി എന്ന ഞാൻ നിറവെട്ടം ഉരുകി നിന്നീടുന്നു.എനിക്ക് ഈ കവിതയിൽ ഇഷ്ടപ്പെട്ടത് സ്വയംഉരുകി ഇല്ലാതായി തീരുംമ്പോഴും.....ഈ കവിത എനിക്ക് ഒത്തിരി ഇഷ്ടപ്പെട്ടു.

മന്യദാസ്
7A

# വീഴ്ച്ചകൾ

വിദ്യ എന്നിൽ ഉദിച്ചു നിന്നു
ഒപ്പം അഭിനന്ദനങ്ങൾ കുതിച്ചു പൊങ്ങി
വിദ്യ എന്റെ മിത്രമായി
മറുകല എപ്പഴേ പെയ്തു പോയി
അപ്പോഴേ എൻ മിത്രം ശത്രുവായി
കാൽതെറ്റി ഞാനങ്ങു താഴേ വീണു
നാളുകൾ പിന്നിട്ടു
എൻ വിധി അങ്ങനെ തുടങ്ങീടുന്നു
എന്നുള്ളിലുള്ളൊരു അണയാത്ത ചൂടിനെ
കാട്ടുതീയായി ഞാൻ വീണ്ടെടുക്കും
വീണ്ടും ഞാനങ്ങു കുതിച്ചുപൊങ്ങും.............

അഭിരാമി.പി.കെ.
9B

# 4 പുതിയ അറിവുകൾ

## 2019 ൽ അളവുരീതികൾ അടിസ്ഥാനപരമായിമാറും

2019 ൽ ഏറ്റവും വലിയൊരു അളവുമാറ്റം വരാൻ പോകുകയാണ് 2012 മുതൽ ആരംഭിച്ച ഒട്ടേറെ പരീക്ഷണങ്ങളിലൂടെയും തിരുത്തലുകളിലൂടെയും ആണ് അളവുകളിലെ ഏകകങ്ങളും നിർവചനങ്ങളും മാറ്റിമറിക്കപെടുന്നത്

പ്രപഞ്ചത്തെപറ്റി നിലനിൽക്കുന്ന പുതിയ ശാസ്ത്രധാരണകളെ അടിസ്ഥാനമാക്കി പ്രകൃതിയിൽ മാറ്റമില്ലാതെ തന്നെ ഇപ്പോൾ കണ്ടെത്തിയിട്ടുള്ള ഏഴ് അടിസ്ഥാന സ്ഥിരാംഗങ്ങളായിരിക്കും ഇപ്പോൾ നിലവിലുള്ള അളവുരീതിയിൽ സ്ഥിരീകരിച്ചിരിക്കുന്ന ഏകകങ്ങൾ 2019 ൽ പുതിയ അളവുരീതി പ്രാബല്യത്തിൽ ആവുന്നതോടെ ഇല്ലാതാകും.സാധരണക്കാർക്ക് പ്രത്യക്ഷത്തിൽ മാറ്റമൊന്നും ഉണ്ടായതായി ഉടനെ തോന്നുകില്ല.

# മെട്രിക്ക് സിസ്റ്റത്തിൽനിന്നും എസ് ഐ(SI)യിലേക്ക്

1960 ൽ ചേർന്ന ലോകസമ്മേള്ളനം 1875 ൽ അംഗീകരിച്ച മീറ്റർ ഉടമ്പടിയിൽ മാറ്റം വരുത്തി.രാജ്യാന്തര അളവ് രീതി International......of unit)അഥവാ എസ് ഐ(SI) എന്ന ചുരുക്ക പേരിൽ ഇതറിയപ്പെട്ടു.ഇതോടെ നേരത്തെ അംഗീകരിക്കപ്പെട്ട മീറ്ററിന്റെ നിർവചനത്തിൽനിന്നും പ്ലാറ്റിനം ദണ്ഡ് മാറ്റി പ്രകാശം ഒരു നിശ്ചിത സമയം സഞ്ചരിക്കുന്ന ദൂരമായി ഇത് അംഗീകരിക്കപെട്ടു.അതായത് പ്രകാശം ശൂന്യതയിൽ 1/299792458 സെക്കൻഡ് കൊണ്ട് സഞ്ചരിക്കുന്ന ദൂരമാണ് ഒരു മീറ്റർ.

# 5 ജീവന്റെ അമൃത്

ചുട്ടുപൊള്ളുന്ന വേനൽ വരവായ്
ജലത്തിന്റെ ക്ഷാമം തുടങ്ങാറായ്
ജീവന്റെ അമൃത് പൊയ്ക്കൊണ്ടിരിക്കുകയായ്
ഇന്നത്തെ പുഴയും,കിണറും വറ്റി തുടങ്ങി
നമ്മുടെ ജീവിതവും തകരാറിലായ്......
പാത്രം കഴുകുമ്പോൾ വെള്ളം കുറക്കു
ടാപ്പുകൾ എല്ലാം മുറുക്കിയടക്കാം.....
വെള്ളത്തിനെ പൊന്നു പോലെ കാക്കാം
വേനൽ എത്തും മുമ്പേ ജലാശയങ്ങൾ വറ്റിതുടങ്ങി.....
അമൂല്യമാക്കാതെ അമൃതിനെ നോക്കാം.....
കരുതലോടെ മുന്നോട്ടുയരാം.....
മനുഷ്യ പ്രവർത്തി തന്നെയാണു കാരണം
ഒതുങ്ങി നിന്നീടാം മനുഷ്യർക്കെല്ലാം.....
ആലോചിക്കു...... നല്ലതിനായ്.....
സംരക്ഷിക്കാം ജീവന്റെ അമൃത്.......

ആതിര സുകുണൻ
8B

6

# അമ്മ....



അമിഞ്ഞ പാലിൽ
മാധുര്യമേകിയവൾ
തളരുന്ന വേളയിൽ താങ്ങായി നിൽക്കുമെൻ അമ്മ
അമ്മ തൻ മാറോടണഞ്ഞ നേരം
അമ്മയ്ക്ക് പകരമായ് ആരുമില്ലീ ഭുവിൽ
അമ്മതൻ മടിയിലെ ഒരു പൂവായി തീർന്നുഞ്ഞാൻ
അമ്മതൻ അധരങ്ങളാൽ ചുംബനമേറ്റന്നാൾ
അമ്മയ്ക്ക്പകരമായ് ആരുമില്ലീ ഭ്രുവിൽ
അമ്മ തൻ വേർപാട് എൻ മരണമാണ്
എൻ ഹൃത്തിൻ ഉള്ളിലെ തണൽ വൃക്ഷമാണെൻ
അമ്മ....
ശ്വാസമായ്,ഈണമായ് എൻ അമ്മ എന്നെ പൂർണമാക്കുന്നു
ഇതാ......

അനാമിക . പി.എസ്.
9B

# 7 പെയ്തിറങ്ങുന്ന പേമാരി



നിലാവുള്ള ഈ രാത്രിയിലും
കാറ്റിന്റെ ഈ നാദത്തിലും
പെയ്തിറങ്ങുന്ന പേമാരിയേ നീ......
സുന്ദരിയാം മണ്ണിൻ മാറിൽ
അലിഞ്ഞു ചേരു.....
നാളെയ്ക്കായ് നിൻ നവിനമാം
ഓർമകൾ മണ്ണിൽ ചേർത്തുവെക്കു
മഴയേ നീയൊരു കൊഞ്ചൽ നാദമായ്
എൻ മനസ്സിൽ നിറഞ്ഞാടുന്നു
എൻ മനസ്സാകും ശിലയേ നീ
ഇതാ ഒരു ളുവൽ ആയി മാറുന്നു.....

അനാമിക.പി.എസ്.

9B

# 8
# ജീവനായ് വന്നു നീ



എൻ കാലിടറുന്ന വേളയിൽ
താങ്ങായ് നിൽക്കുന്ന വൃക്ഷമായ് നീ വന്നു
എൻ ഹൃത്തിൻ ഉള്ളിലെ
സ്നേഹവീട്ടിൽ ഒരു ദീപമായ് ഞാൻ കൊളുത്തി
നീയെൻ ശ്വാസവും നിശ്വാസവും
ആയി തീർന്ന വേളയിൽ
തോഴിയല്ല നീയെൻ ജീവനായിതീർന്നു
ഇനിയും വന്നു  നീയെൻ ജീവനായ് തോഴി....
എൻ തണലായ് വരു നീ.....
നിനക്ക് പകരമായ് ആരുമില്ലീ ഭൂവിൽ.....

അനാമിക.പി.എസ്.

9B

# 9 അറിവിന്റെ ചെറുതുളികൾ

1 ചരിത്രരേഖകളിൽ ഹെർക്വില എന്ന് വിശേഷിക്കപ്പെടുന്ന പ്രദേശം

- കാസർകോട്

2 ലോകത്തിൽ ആദ്യമായി ഭൗമസൂചിക പദവി ലഭിച്ച മരം

- നിലമ്പൂർ തേക്ക്

3 മലയാള സർവകലാശാലയുടെ ഔദ്യോഗിക പ്രസിദ്ധീകരണം

-എഴുത്തോല

4 കേരള ചരിത്രമ്യൂസിയം സ്ഥിതി ചെയുന്നത്

-എടപ്പള്ളി

5 മലമ്പുഴ റോക്ക് ഗാർഡന്റെ ശിൽപ്പി

-നേക്ക് ചന്ത്

6 ചുമർചിത്ര നഗരം

- കോട്ടയം

7 കേരളത്തിലെ താറാവുവളർത്തൽ കേന്ദ്രം

സ്ഥിതി ചെയ്യുന്നത്

-നിരണം

8 ചരിത്രരേഖകളിൽ മാർത്ത എന്ന് രേഖപ്പെടുത്തിയിട്ടുള്ള പ്രദേശം

- കരുനാഗപ്പള്ളി

9 നെടുംകോട്ട സ്ഥിതി ചെയ്യുന്നത് തൃശ്ശൂർ ആണ് എന്നാൽ ചന്ദ്രഗിരി കോട്ടയോ

-കാസർകോട്

10 കേരളത്തിലെ ആദ്യ ശിശു സൗഹൃദ പഞ്ചായത്ത്

-വെങ്ങാനൂർ

# 10
# ജനനി



ആദ്യമായ് വിരിയുന്ന
പിഞ്ചുപൈതലിൻ
നാവിൽ ഹരിശ്രീ കുറിക്കുന്ന ആദ്യാക്ഷരമാണമ്മ
ഞാൻ പിച്ചനടക്കുമ്പോൾ വീഴാതെ നോക്കുന്ന
കാരുണ്യത്തിൻ കൈത്താങ്ങമ്മ.

നോവിൽ സാന്ത്വനമായ് സ്നേഹത്തിൻ
കനിവായ് നീ പാടിയുറക്കിയ
താരാട്ടുപാട്ടിൻ നാദം കേൾക്കാനായ്
കൊതിക്കുന്നു ഞാൻ എന്നും
നിൻ ഗർഭപാത്രത്തിൽ തൊട്ടെ
സ്നേഹത്തിൻ ചരടായ് നിൻ കനിവേകുന്നു

അനവധി ഭാഷകൾ ഉയർന്നീടുമ്പോൾ
തിൻമയിൽ ചവിട്ടി താഴ്ത്തു തൻ 'ജനനി'യെ
കപടമീലോകം യന്ത്രമായ് മാറുമീ
മനുഷ്യ ഹൃദയങ്ങൾ

അമ്മ നൽകും അറിവുകൾ എല്ലാം
നാളേയ്ക്ക് നിനക്കായ് അമൃതിൻ കനിവാകേണം

തൻ കുഞ്ഞോമനയ്ക്കായ് ജീവൻ കളഞ്ഞിടും
മാതൃത്വത്തിൻ മഹത്വമീ 'ജനനീ...'

ഞാൻ ഇന്നു നൽകും സ്നേഹം
വരും നാളേക്ക് കൂട്ടാവേണം

ഇന്നു ഞാൻ സ്നേഹത്തിൻ കരങ്ങൾ
നിനക്കായ് നീട്ടിയപ്പോൾ
അന്നെന്നിക്കായ് നീ കൈത്താങ്ങാകേണം

ഇന്നു ഞാൻ വാത്സല്യത്തിൻ തന്നിടും
എൻ മുലപ്പാൽ വാർദ്ധക്ക്യത്തിൽ അലയുമ്പോൾ
ഇത്തിരി വെള്ളമായ് നീ നാവിൽ നൽകണം

നീയും പെറ്റമയായീടും അന്നു നീതൻ
കുഞ്ഞിനായ് ജീവൻ നൽകിടും
അന്നുനിന്റെ കൈകളും കാൽകളും
വിറച്ചിടും ശരീരം ചുളിഞ്ഞീടും

ഇന്നുനിനക്കായ് പകർന്നു തന്ന
അറിവുകൾ അന്നു നിന്റെ മുന്നിലെ
തിരിനാളമായ് ജ്വലിച്ചീടട്ടെ.......

രാധിക.എം.ആർ

# 11

# മരം



എൻ കൈകളാൽ ഞാനൊരു
തൈ നട്ടു
എന്നും ഞാനതിൻ വേരിൽ വെള്ളമൊഴിച്ചു
മണ്ണിൽ വേരുറച്ചു അതിൻ തണ്ടിൽ
ഇലകൾ നിറഞ്ഞു
ദിനങ്ങൾ പോകവേ എൻ തൈ
മരമായ് വളർന്നു
കായ്കളും പൂക്കളും പൂത്ത് നിറഞ്ഞു
ചില്ലകൾ,പൂത്തുമ്പികൾ,പൂമ്പാറ്റകൾ
അതിൽ പാറി നടന്നു
എൻ മുറ്റത്ത് തണലായ്
പക്ഷികൾക്ക് കൂടൊരുക്കി
നിൽക്കുമെൻ മരമെന്നും
കണ്ണിനും മനസ്സിനും കുളിരാണെന്നും......

സീന

**12**

# हज़रत

*गाँधी तो हज़रत है*
*नेहरू भी हज़रत है*
*मदर तेरेसा हज़रत  है*
*अब्राहम लिंकन भी हज़रत  है*

*कई हज़रते है इस दुनिया में*
*सिर्फ मेरा नाम का मतलब है हज़रत*
*मैं भी बनूंगी हज़रत*
*रहूंगी इस दुनिया में मौत के बाद भी*

FARITHA BHANU
KITE MISSTRESS

# 13 വിശപ്പിന്റെ വേദന



ഒരു സുന്ദരമായ പ്രഭാതം.മഞ്ഞുതുള്ളികൾ വീണ പച്ചപരവതാനിയിൽ
നീണ്ടുകിടക്കുന്ന നെൽപ്പാടം.പാടത്തിന്റെ ഒരറ്റത്ത് ഓല മേഞ്ഞ ഒരു കൊച്ചു കുടിൽ.കുടിലിന്റെ മുറ്റത്തുനിന്ന് ഒരാൺകുട്ടി കളിക്കുകയാണ്.
പെട്ടന്ന് കുടിലിനുള്ളിൽ നിന്നും ഒരു താഴ്ന്ന സ്വരം കേട്ട് അവൻ ഒട്ടിയ വയറുമായി നറു പുഞ്ചിരിയോടെ അമ്മേ..... എന്ന് വിളിച്ച് അവിടേക്ക് ഓടിച്ചെന്നു.അതെ ആ താഴ്ന്ന സ്വരത്തിന്റെ ഉടമ അപ്പു എന്ന ആ കുട്ടിയുടെ അമ്മയായിരുന്നു.നറു പുഞ്ചിരിയയോടെ അവൻ അമ്മയെ കെട്ടി പുണർന്നു.അവൻ വീണ്ടും പറഞ്ഞു അമ്മേ വിശക്കുന്നു.മറഞ്ഞകന്ന സൂര്യനെ പോലെ അമ്മയുടെ മുഖത്തെ പുഞ്ചിരി മാഞ്ഞുപോയി.
ആ കണ്ണുകളിൽ നിന്നും ചുടു കണ്ണീർ ഒറ്റിയിറങ്ങി.രണ്ടു ദിവസമായി അടുപ്പിന്റെ പുക ആ വീട്ടിൽ ഉണ്ടായിരുന്നില്ല.അമ്മ അവനെ മാറോടണച്ച് പൊട്ടികരഞ്ഞു.അച്ഛാ...എന്ന് വിളിച്ച് അവൻ അകത്തേക്ക് ഓടിച്ചെന്നു.അകത്ത് വിശപ്പിന്റെ ചിതലരിച്ച കട്ടിലിൽ ജീവച്ഛവമായി കിടക്കുന്ന അച്ഛൻ.അച്ഛനെ കെട്ടിപിടിച്ച് ആ കട്ടിലിൽ അവനും കിടന്നു.
ഒരു പൊൻ പുലരി കൂടി ജനിച്ചു. അമ്മ കാലത്തുതന്നെ എഴുന്നേറ്റ് അയൽ വക്കത്തേക്ക് പോയി.അവിടെ നിന്നും അരയിടങ്ങഴി അരിയും കടംവാങ്ങി.ഒരു നേരത്തെ അന്നം കിട്ടിയ സന്തോഷം ആ അമ്മയുടെ മുഖത്ത് തെളിഞ്ഞുനിന്നു.അമ്മ ആ അരി വക്കു പൊട്ടിയ മൺ കലത്തിൽ വെച്ച് കിടന്നുറങ്ങുന്ന മകന്റെ അടുത്തേക്ക് ഓടി ചെന്ന് അവനെ കെട്ടിപിടിച്ചു.പൊള്ളുന്ന ചൂട് ദേഹമാസകലം വിറക്കുന്നുണ്ട്.അമ്മേ.... എന്ന് വിളിക്കാൻ പോലും അവനുകഴിയുന്നില്ല.അരി വെന്തു പൊന്തി, അടുപ്പിന്റെ പുക അവന്റെ അടുത്തേക്ക് ഓടി എത്തി.ആ ചുണ്ടുകളിൽ

പുഞ്ചിരി വിടർന്നു.നറു പുഞ്ചിരിയോടെ അവൻ അമ്മയെ നോക്കി.
ചെറിയൊരു പഴന്തുണി കഷ്ണം വെള്ളത്തിൽ ഇട്ട് അവന്റെ നെറ്റിയിൽ
അമ്മ ഇട്ടുകൊടുത്തു.ചോന്നുള്ളി ചമന്തിയും ഉപ്പു കഞ്ഞിയും അവന് ചൂടോടെ
പകർന്ന്കൊടുത്തു.ഒരു നോക്കുകുത്തിയെ പോലെ അച്ഛൻ
ഇതെല്ലാം കാണുന്നുണ്ടായിരുന്നു.അച്ഛനെ നോക്കി അവൻ പുഞ്ചിരിച്ചു
പക്ഷേ അവന്റെ പനിയിൽ ഒരു ഭേദവും ഉണ്ടായിരുന്നില്ല.വിറച്ച് വിറച്ച്
അവൻ പതുക്കെ വിതുംമ്പി.മരുന്നിന്നുവേണ്ടി അമ്മ അലഞ്ഞു.നേരം സന്ധ്യയായി
തുടങ്ങി അമ്മ വീട്ടിലേക്ക് തന്നെ മടങ്ങി തുണിനനച്ച്
വീണ്ടും നെറ്റിയിൽ ഇട്ട്കൊടുത്തു അവൻ നിദ്രയിൽ ആണ്ടു.അടുത്ത
പ്രഭാതത്തിൽ അമ്മ അപ്പുവിനെ വിളിച്ചു.അവൻ മിണ്ടുന്നില്ല ,നിദ്രയിൽ
നിന്നും എഴുന്നേൽക്കുന്നില്ല.അമ്മ ചാടിയെഴുന്നേറ്റ് അപ്പുവിനെ പിടിച്ച്
കുലുക്കി അവനൊരെനക്കവുമില്ല.നെറ്റിയിലെ വെള്ളം വറ്റിയിരുന്നു.
പെട്ടന്നവൻ കണ്ണുതുറന്നു അമ്മയേയും അച്ഛനേയും ഇറുക്കി.അമ്മയും
അച്ഛനും പൊട്ടി കരഞ്ഞു സ്നേഹം തന്ന അച്ഛനേയും അമ്മയേയും വിട്ട്
ആ ആത്മാവ് പടിയിറങ്ങി.വെളിച്ചവുമായി നിന്നിരുന്ന ആ പൊൻസൂര്യനെ
മറച്ച്കൊണ്ട് കാർമേഘം മഴ പെയ്യിച്ചു.വിശപ്പിന്റെ ചിതലരിച്ച ആ കട്ടിൽ
ഒടിഞ്ഞുവീണു.മാതാപിതാക്കളെ ഏകാതതയുടെ
മുൾമുനയിൽ നിർത്തി ഒരു വിശപ്പിന്റെ വേദനയായി അവിടെ നിന്നും അവൻ
മറഞ്ഞകന്നു.

അമർനാഥ്.പി.എസ്.
8B

14

# വേരുകൾ



നമ്മൾ ജനിക്കുമ്പോൾ
നമ്മുടെ മാതാപിതാക്കൾ
ഇല്ലാതെ
നമ്മൾക്ക് ജീവിക്കുവാൻ
പ്രയാസമാണ്.അതുപോലെയാണ്
ചെടികളും ഒരു വിത്ത് മുളച്ച് തൈയായി വരുമ്പോൾ
അതിന്റെ വേരുകൾ ഭൂമിയിൽ ഉറച്ചുനിൽക്കുമ്പോൾ
മാത്രമേ അതിന് വളരുവാൻ കഴിയുകയുള്ളൂ....വേരുകളിലൂടെ
മാത്രമേ ചെടികൾക്ക് വെള്ളം ലഭിക്കുകയുള്ളൂ അവയുടെ
ജീവൻ നിലനിർത്തുന്നതിൽ വേരുകൾക്ക് വലിയ പങ്കുണ്ട്.

അശ്വതി കൃഷ്ണ
9B

15 # TO MY DAD



When you are writing I can see
the changes in your beautiful
face.
When you are sleeping I can read
from your face your dreams.
When you are dancing I can see
your happiness and your fun.
When you are shouting I can see
the veins in your neck being big.

I know dad you are acting in front
of me and my friends.
I know dad you are sad and you
are working very hard.

You are being a jocker in front of
every to make them happy.
When I ask you are you sad you
will say yo that you are happy.

When I ask you can I help you,
you will say that its your duties.
How can I see your sadness in
this time and in this time and in this life
I can read you dad please don't lie to me
dad.
I want to make you a happy dad
and I will try to make you happy.

Devapriya 9B

# പ്രളയം



# മികവുകൾ



ARYA ASOKAN
9 B
WORK EXPERIENCE,
STATE WINNER



SHILPA .S
9A
NATIONAL WINNER,FENCING

KIRAN .K.S



9 B

DISTRICT WINNER,LALITHA GANAM



ABHIRAMI .P.K

9 B

KICK BOXING ,STATE WINNER


Thank you